4.75% ഇ.എസ്.ഐ. വിഹിതം, ക്യാറ്റീൻ ഭക്ഷണം അടക്കം 155 രൂപ ചെലവ് വരുന്നുണ്ട്. കോൺട്രാക്ടർ വഴി വരുന്ന ഒരാൾക്ക് ദിവസകൂലി 130 രൂപയും, 6.5% ഇ.എസ്.ഐ. വിഹിതവും, 4% കോൺട്രാക്ടറുടെ വിഹിതവും അടക്കം 143 രൂപ 65 പൈസ ചെലവ് വരും. ഇവർക്ക് കാന്റീൻ ഭക്ഷണം കൊടുക്കേണ്ടതില്ല. 5-5-2000 മുതലാണ് ഇത് നടപ്പിൽ വന്നത്. ഇവരെ നൽകുന്നത് ടെൽക്കിന്റെ അംഗീകൃത കോൺട്രാക്ടർമാരാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനരീതി മാറ്റിയിട്ടില്ല.

(ഡി) കേരള ഫാക്ടറീസ് റൂൾസ് പ്രകാരം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലവും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ ധാരാളം കയറ്റുമതി ഓർഡർ കിട്ടുന്ന സ്ഥാപനമെന്ന നിലയിൽ പല വിദേശികളും ഉന്നത വ്യക്തികളും കമ്പനിയിൽ സന്ദർശനം നടത്താറുണ്ട്. ആയതിനാൽ കമ്പനി പരിസരവും വഴികളും ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ വൃത്തിയാക്കിയിട്ടുണ്ട്. ഇതിലേയ്ക്ക് 26,688 രൂപ ചെലവായിട്ടുണ്ട്.

(ഇ) ചെലവ് ചുരുക്കലിന്റെ ഭാഗമായി കമ്പനി ക്യാന്റീനിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ വഴി പ്രതിമാസം മൂന്ന് ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നുണ്ട്. ഈ നടപടികൾ റദ്ദാക്കാൻ ഉദ്ദേശിക്കുന്നില്ല.

(എഫ്) ടെൽക്കിലെ അംഗീകൃത യൂണിയനുകളിൽ ടെൽക്ക് എംപ്ലോയീസ് അസോസിയേഷൻ (എ.ഐ.ടി.യു.സി) ഒഴികെ ടെൽക്ക് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) ടെൽക്ക് വർക്കേഴ്സ് കോൺഗ്രസ്സ് (ഐ.എൻ.ടി.യു.സി.) ടെക്നിക്കൽ എംപ്ലോയീസ് അസോസിയേഷൻ ഓഫ് ടെൽക്ക് എന്നീ യൂണിയനുകൾ കമ്പനി ക്യാന്റീനിൽ വരുത്തിയ മാറ്റങ്ങളോട് പൂർണ്ണയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

കെ.എ.എൽ-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവർ

15 (2012) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.എൽ.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഏതെല്ലാം തസ്തികകളിൽ ;

(സി) ഇവരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ അനിവാര്യമായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴുപേർ

(ബി) ജനറൽ മാനേജർ (ഫൈനാൻസ്) ഓഫീസ് അസിസ്റ്റന്റ്, മെഷീനിസ്റ്റ്, മെക്കാനിക്ക്, വർക് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ആണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനിയിൽ നിലവിലുള്ള ശമ്പളസ്കെയിലിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലാണ് മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽനിന്നും ജനറൽ മാനേജർ (ഫൈനാൻസ്) തസ്തികയിൽ ഒരാളെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത്. കമ്പനിയിൽ ഉത്പാദനവർദ്ധനവുമൂലം അത്യാവശ്യമായ ജോലികൾക്ക് ജീവനക്കാരുടെ അപര്യാപ്തതയുണ്ടായതുകൊണ്ടാണ്, മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും മെഷീനിസ്റ്റ്, മെക്കാനിക്, വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമനം നടത്തേണ്ടി വന്നത്. ഓഫീസ് അസിസ്റ്റന്റ് തസ്തിക പി.എസ്.സി. ക്ക് വിട്ടിട്ടുള്ളതിനാൽ പി.എസ്.സി. നിയമനം വൈകുന്നതുമൂലമാണ് പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത്.

കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിയ തോട്ടണ്ടിപ്പരിപ്പ് ഇടപാടുകളുടെ വിശദ വിവരം

16 (2013) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മുതലാളിമാർ തോട്ടണ്ടി വാങ്ങിയതിലും കൂടിയ വില നൽകിയാണ് കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി വാങ്ങിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷന് ഏതെല്ലാം ഇനത്തിൽ എന്തു തുക നൽകിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് താഴെപ്പറയുന്ന തുകകൾ കശുവണ്ടി വികസന കോർപ്പറേഷന് ലോണായി അനുവദിച്ചിരുന്നു.

1992 - 93 100 ലക്ഷം രൂപ.

1994 - 95 2,340 ലക്ഷം രൂപ.

1995 - 96 2697.50 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly